**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2966** **13-10-2021 - ൽ മറുപടിയ്ക്ക്**

**കീഴൂരിലെ ഫിഷറീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഹാർബറിന് സമീപത്തുള്ള ചെമ്മനാട്, പള്ളിക്കര കടപ്പുറങ്ങളിൽ തുടർച്ചയായി മത്സ്യബന്ധന തോണികൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിക്കുന്ന വിഷയം പഠനവിധേയമാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പഠനവിധേയമാക്കിയിട്ടുണ്ട്. കാസർഗോഡ് ഫിഷിംഗ് ഹാർബറിലേക്ക് മത്സ്യബന്ധന യാനങ്ങൾക്ക് സുഗമമായി പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് കണ്ടതിനാൽ നിലവിലുള്ള പുലിമുട്ടുകളുടെ നീളവും അകലവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് CWPRS മുഖേന പഠനം നടത്തിയിരുന്നു. പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള വടക്കേ പുലിമുട്ടിന്റെ 165 മീറ്റർ നീളം വരുന്ന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി കീഴൂരിൽ സ്ഥാപിച്ച ഫിഷറീസ് സ്റ്റേഷൻ ഇതുവരെ പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. കാസർഗോഡ് കീഴൂരിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനായി കെട്ടിടവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ഡി) | എങ്കിൽ ഇത് എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഉണ്ട്. കാസർഗോഡ് കീഴൂരിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനായി കെട്ടിടവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ